**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *42** | **03-03-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ<br>,, എസ്.ശർമ്മ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ഒ.ആർ. കേളു** | | **ശ്രീ. കടകംപളളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ സുപ്രധാന പങ്ക് വഹിക്കുന്ന വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്ക്കരിച്ച നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• മലനാട്- മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി<br>• മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി<br>• "ഗ്രീൻ കാർപ്പറ്റ് സ്കീം"<br>• കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>• ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്റ്റ്<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി |

| | | | |
|---|---|---|---|
| | | | • ആക്കുളം കായലിന്റെ പുനരുജ്ജീവനം<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ<br>• ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി<br>• ലോകോത്തര നിലവാരത്തിലുള്ള ടോയിലറ്റ് സമുച്ചയങ്ങൾ<br>• ലീഗ് അടിസ്ഥാനത്തിൽ 'ചാമ്പ്യൻസ് ബോട്ട് ലീഗ്' എന്ന പേരിൽ വള്ളം കളി ടൂർണമെന്റ് ആരംഭിച്ചു.<br>• വിവിധ ടൂറിസം ഉൽപ്പന്നങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ ഉദ്ദേശിച്ചുള്ള അപ്രൂവൽ/ക്ലാസ്സിഫിക്കേഷൻ പദ്ധതികൾ കാലോചിതമായി നവീകരിച്ചു.<br>• സാഹസിക ടൂറിസം മേഖലയുടെ ശാക്തീകരണത്തിനും പരിപോഷണത്തിനു-മായുള്ള രജിസ്ട്രേഷൻ പദ്ധതി ആരംഭിച്ചു.<br>• ടൂറിസം രംഗത്തെ സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും നിലവാരവും മൂല്യവും സുരക്ഷിതത്വവും ഉറപ്പാക്കുവാനും ടൂറിസം രംഗത്തെ വിവിധ പ്രവർത്തനങ്ങൾ നിയമാനുസൃതമാക്കുവാനും വേണ്ടി 'കേരള ടൂറിസം റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു.<br>• സംസ്ഥാനത്ത് സംഘടിപ്പിക്കപ്പെടുന്ന വിവിധ ടൂറിസം മേളകൾ, യോഗ/ആയുർവേദ അംബാസഡർ ടൂറുകൾ പോലുള്ള നവീന സംരംഭങ്ങൾക്കും ആശയങ്ങൾക്കും സാമ്പത്തികമായും അല്ലാതെയുമുള്ള സഹായ സഹകരണ-ങ്ങൾ നൽകിവരുന്നു.<br>• ഇന്ത്യ കൺവെൻഷൻ പ്രമോഷൻ ബ്യൂറോ (ICPB) കേരളം ചാപ്റ്റർ രൂപീകരിക്കുവാൻ തീരുമാനിച്ചു. |

| | | | |
|---|---|---|---|
| (ബി) | നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെയും ജൈവവൈവിധ്യങ്ങളിൽ ഊന്നിയ പ്രകൃതി സൗന്ദര്യത്തെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | അന്യം നിന്ന് പോകുന്ന നമ്മുടെ തനതു കലാരൂപങ്ങൾ, പാരമ്പര്യ തൊഴിലുകൾ, ഉത്സവങ്ങൾ, സാംസ്കാരിക തനിമ എന്നിവ നിലനിർത്തിക്കൊണ്ട് പോകുന്നതിനും, വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും അതിലൂടെ പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽ നിന്നും നിയമവിധേയ മാർഗങ്ങളിലൂടെ വരുമാനം ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തത്തിന്റെ പ്രാഥമിക ലക്ഷ്യമാണ്.<br>സാധാരണ ടൂർ പാക്കേജുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ടൂർ പാക്കേജുകളാണ് ആർ.ടി. മിഷൻ നടത്തുന്നത്. കേരളത്തിലെ മനോഹരമായ ഗ്രാമങ്ങളാണ് കേരളത്തിന്റെ ഏറ്റവും വലിയ ടൂറിസം ആകർഷണം. പൂർണമായും കേരളത്തിലെ ഗ്രാമീണ ജീവിതം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന ടൂർ പാക്കേജുകളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്നത്. ടൂറിസം ഭൂപടത്തിൽ ഇടം പിടിച്ചിട്ടില്ലാത്ത പലയിടങ്ങളിലും ഉത്തരവാദിത്ത ടൂറിസം മിഷൻ ടൂർ പാക്കേജുകൾ നടത്തുന്നു.<br>കേരളത്തിന്റെ പരമ്പരാഗത ഭക്ഷണവും പ്രാദേശിക രുചിഭേദങ്ങളും പരമ്പരാഗതമായി ഭക്ഷണം തയ്യാറാക്കുന്ന രീതികളും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എക്സ്പീരിയൻസ് ലോക്കൽ / എത്തിക് ക്യൂസിൻ പദ്ധതി'. കൂടാതെ നിശാഗന്ധി നൃത്തോത്സവം, നിശാഗന്ധി |

| | | | |
|---|---|---|---|
| | | | മൺസൂൺ രാഗാസ് സംഗീതോത്സവം, ഉത്സവം എന്നിവ സംഘടിപ്പിച്ചുവരുന്നു. കേരളത്തിന്റെ സംസ്കാരവും ഐതിഹ്യവും ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്ന കേരളത്തിന്റെ തനതായ വള്ളംകളികളെ ലീഗ് അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് 'ചാമ്പ്യൻസ് ബോട്ട് ലീഗ്' എന്ന പേരിൽ സംഘടിപ്പിച്ചു. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ കേരളത്തിന്റെ തനത് ഉത്സവങ്ങൾ, സാംസ്കാരിക ചിഹ്നങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവയ്ക്ക് പ്രചുര പ്രചാരം നൽകി വരുന്നു. |
| (സി) | വിനോദസഞ്ചാര മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഫലപ്രദമായ ഇടപെടലുകൾ നടത്തി ഈ മേഖലയിലേയ്ക്ക് സ്വകാര്യ സംരംഭകരെ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വഫണ്ടിന് രൂപം നൽകുന്നതിന് 2017 ലെ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. പുത്തൻ തലമുറ സംരംഭകരെ ഈ രംഗത്തേക്ക് ആകർഷിക്കുക വഴി പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും നൂതന സേവനമോ പദ്ധതിയോ നടപ്പാക്കാനുള്ള ഉപദേശവും നിർദ്ദേശങ്ങളും മാനേജ്മെന്റ് വൈദഗ്ധ്യവും ഒപ്പം മൂലധനവും കണ്ടെത്തുന്നതിനായി കേരള ടൂറിസം സംരംഭകത്വഫണ്ട് എന്ന നൂതന ആശയം ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെപറയുന്നവയാണ്.<br>1. കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്ന ഭാരതീയ ചെറുകിട വികസന ബാങ്ക് (സിഡ്ബി), വിദേശത്തും സ്വദേശത്തുമുള്ള ഏഞ്ചൽ |

| | | | |
|---|---|---|---|
| | | | ഫണ്ടുകൾ, സ്വകാര്യഫണ്ടുകൾ, സംസ്ഥാന ധനകാര്യ ഏജൻസികൾ മുതലായവയിൽ നിന്നും വിഭവ സമാഹരണം നടത്തി വെഞ്ചർ ഫണ്ടിനുള്ള കോർപ്പസ് ഫണ്ട് കണ്ടെത്തും. ടൂറിസം പദ്ധതികളിൽ നിന്നുള്ള ലാഭത്തിന്റെ ഒരു വിഹിതവും വെഞ്ചർ ഫണ്ടിലേക്ക് മുതൽക്കൂട്ടും.<br>2. പുത്തൻ സംരംഭകർക്കും നിലവിലുള്ള ഇടത്തരം സംരംഭകർക്കും വെഞ്ചർഫണ്ട് ലഭ്യമാക്കും.<br>3. മാനേജ്മെൻറ് വിദഗ്ധരുടെ സമിതി സൂക്ഷ്മമായും നിഷ്പക്ഷമായും ഓരോ പദ്ധതിയുടെയും വിജയസാധ്യത വിലയിരുത്തിയ ശേഷമാകും ഫണ്ട് അനുവദിക്കുക.<br>4. ടൂറിസം രംഗത്ത് പുതിയ ആശയങ്ങളുമായി എത്തുന്നവർക്ക് ഇതിന് അപേക്ഷിക്കാം. സാങ്കേതിക സർവകലാശാലകളിൽ നിന്നും ടൂറിസം വിദ്യാഭ്യാസകേന്ദ്രങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് സ്വയം സംരംഭകരാകാൻ അവസരം ഒരുങ്ങും.<br><br>ഇതിന്റെ ഭാഗമായി വെഞ്ചർഫണ്ട് രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**